# SCHSS PAYYAMPALLY

*presents*

# LITTLE STARS

DIGITAL

MAGAZINE



Greetings to all....

"The heart of education is the education of the heart"
St Catherine's Payyampally has been nurturing young minds for the past many years.Our digital magazine is a milestone that marks our growth, unfolds our imaginations and gives life to our thoughts and aspirations. I congratulate the entire little kites members for their hard work and dedication.

Happy reading

Philip Joseph

Headmaster

# GREETINGS OF TEACHERS



Dear students

Our digital magazine aims to serve as a platform for sharing our insightful thoughts .In today's digital landscape staying ahead with knowledge, trends and updates in the expanding world of information technology is important.This publication surely inspire and empower our LK members to move ahead.

I congratulate all the little kites members for your team work and enthusiasm.

Cheers to all.......

Smitha teacher
KITE MISTRESS



വിജ്ഞാനത്തിന്റെ ആകാശ വിസ്മയത്തിലേക്ക് പറന്ന് ഉയരാൻ ഇന്നത്തെ ലോകത്തിൽ ഏറ്റവും അത്യാവശ്യമായ ഒന്നാണ് സാങ്കേതികവിദ്യ. ദിനംപ്രതി വളർന്നു വരുന്ന സാങ്കേതികവിദ്യയെ നിങ്ങളുടെ കൈയിൽ ഒതുക്കാൻ വിദ്യാർത്ഥികളായ നിങ്ങൾക് കഴിയണം. ഈ ഡിജിറ്റൽ മാഗസിൻ അതിനുള്ള ഒരു തുടക്കം ആവട്ടെ

ആശംസകളോടെ

SOLY K JAMES

KITE MISTRESS















# EDITORIAL BOARD



CHIEF EDITOR :VIDHUN KRISHNA

SUB EDITORS:

ANJANA BIJU
ANN MARIA BIJU
ANFIYA P S
SANSIYA SABU
SANTIYA SANTHOSH
ELJIN ELDHOS
ABINA BIJU



# ഉള്ളടക്കം


- എന്റെഹോട്ടൽ 8
- ലിറ്റിൽകൈറ്റ്സ് 9
- വേരും തളിരും 10
- ജലം പാഴാക്കരുത് 11
- പുഴ 12
- സൂര്യകിരണങ്ങൾ 13
- പ്രകൃതി നിരീക്ഷണം 14
- മഴ 17
- വിദ്യാലയം 19
- ഭൂമി 21
- കഥകളി 23
- എന്റെ നാട് 25
- കേരളം 27
- ചെറുശ്ശേരി 29
- ആമക്കഥ 31
- ജീവിതം 32
- എന്റെ മലയാളം 33

## എന്റെഹോട്ടൽ

പണ്ട് ഒരിടത്ത് രണ്ട് കൂട്ടുകാർ ഉണ്ടായിരുന്നു.അവരിരുവരും ജോലിതേടി അലയുകയായിരുന്നു.അങ്ങനെ ഒരിക്കൽ ഇരുവരും സ്വന്തം നാടുവിട്ട് മറ്റൊരു നാട്ടിലേക്ക് പോയി.അവിടെയും ജോലി തേടി അലയുന്നതിനിടെ ഒരു ഹോട്ടലിൽ ഒരു ബോർഡിൽ രണ്ടു ജോലിക്കാരെ ആവശ്യമുണ്ടെന്ന് കണ്ട് അവിടെ ജോലിക്കു പ്രവേശിക്കുകയും ചെയ്തു.പിന്നീട് അവർ സ്വന്തം നാട്ടിൽ വന്നു.എന്നിട്ട് സ്വന്തമായി ഹോട്ടൽ തുടങ്ങി കുറച്ച് ജോലിക്കാരെയും വച്ചു. ഒരുപാട് നാളുകൾ കടന്നുപോയി.പിന്നീട് അവരുടെ മക്കൾ ഹോട്ടൽ നോക്കിനടത്താൻ തുടങ്ങി.എന്നിട്ട് ഒരു ഹോട്ടലിൽ നിന്നും പിന്നീട് രണ്ടും മൂന്നും ഹോട്ടൽ നിർമ്മിക്കുകയും ചെയ്തു.അങ്ങനെ അവർ കോടീശ്വരവുകയും ചെയ്തു.

ABINA BIJU

# ലിറ്റിൽ കൈറ്റ്സ്

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും യാഥാർഥ്യമായിരിക്കുകയാണ്. ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി 2016 ൽ **ഹായ് സ്കൂൾ കുട്ടിക്കൂട്ടം** എന്ന പേരിൽ കുട്ടികളുടെ ഒരു കൂട്ടായ്മ എല്ലാ ഹൈസ്കൂളുകളിലും പ്രവർത്തിച്ചിരുന്നു. എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്, ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവയെ സംയോജിപ്പിച്ച കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ **ലിറ്റിൽ കൈറ്റ്സ്** എന്ന ഐ ടി ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു

VIDHUN KRISHNA

# വേരും തളിരും

ഭൂമിയിലാരിക്കുമ്പോൾ ഒരു കീറ് ആകാശവും
ആകാശത്തായിരിക്കുമ്പോൾ
ഒരുപിടി മണ്ണും മനസ്സിൽ സൂക്ഷിക്കുക
ഭൂമിയിലും നിങ്ങൾ തളിർക്കും
ആകാശത്തിലും വേരു പടരും

(വേരും തളിരും) -പി.കെ. പാറക്കടവ്

NAJA KHATHEEJA

# ജലം പാഴക്കരുത്



by Anjana biju

# പുഴ

വനത്തിലൂടെ ഒഴുകിവരുന്ന പുഴ
കള കള രാഗമിട്ടൊഴുകിവരുന്ന പുഴ
മത്സ്യങ്ങൾ ആർത്തുല്ലസിക്കുന്ന പുഴ
മലിനമല്ലാത്തൊരു പുഴ
ചെറു തിരമാലകൾ പോലെ
കള കള രാഗമിട്ടൊഴുകുന്ന പുഴ
ആൾക്കാരുടെ മനം കവരുന്ന
പുഴ
തെളിനീരുപോലുള്ള ജലവും
മനോഹരമായ പ്രകൃതിയും
പൂക്കളും മരങ്ങളും കല്ലുകളുമായ
ഭംഗിയുള്ള പുഴ
പുലരിയിൽ ഹിമംപോലെ
മഞ്ഞു മൂടിനിൽക്കുന്ന പുഴയും
പച്ചിലകളും
പച്ചിലകളുടെ ഇടയിലൂടെ

ELJIN

# സൂര്യകിരണങ്ങൾ

ചെടികളിലെ തണുതണുത്ത
തുഷാരത്തിൽ

കുളിച്ചുനിന്ന മഞ്ഞുതുള്ളിക്കു -

മുരുകിയുരുകിയലിയാൻ നേരമായി
ഉരുകിയലിയാൻ
നേരമായി

പുലരിയുടെ
മടിത്തട്ടിൽ നിന്നു -
മുദിച്ചുയരുമാ
സൂര്യകിരണങ്ങൾ
ചെടികളെ
ചിരിപ്പിക്കുന്നു
പൂക്കളെ നിദ്രയിൽ
നിന്നുമുണർത്തീടുന്നു

പകലിൻ
മനോഹരമാകുന്ന കാഴ്ചകൾ
കാണാൻ
തയ്യാറാക്കുന്നു
പൂക്കളെ
നിദ്രയിൽ നിന്നുമുണർത്തീടുന്നു

സന്തോഷത്തിലാഴ്ത്തീടുന്നു.

SANSIYA

## പ്രകൃതി നിരീക്ഷണം

എല്ലാവർക്കും ഒരു ഹോബിയുണ്ട്. ഏറ്റവും ഇഷ്ടമുള്ള ഹോബി എന്നൊന്നും എല്ലാവർക്കും ഉണ്ടാവില്ല. എന്നാലും, ഒഴിവുസമയങ്ങളിൽ ഉറങ്ങുകയല്ലാതെ മറ്റെന്തെങ്കില്ലും ചെയ്യാൻ എല്ലാവരും ശ്രമിക്കും. ചില ഹോബികൾ നല്ലതും മറ്റുചിലത് ദോഷകരവുമാണ്. നൃത്തം, സംഗീതം തുടങ്ങിയവ ഒട്ടും ദോഷകരമല്ലെങ്കിലും, അവ ശരിയായ രീതിയിൽ ചെയ്യുവാൻ കുറച്ച് പ്രാവീണ്യം ആവശ്യമാണ്. എന്നാൽ അത്തരത്തിലുള്ള പ്രാവീണ്യം വളരെ ദുർലഭമാണ്.

ദൂഷ്യഫലങ്ങളൊന്നുമില്ലാത്ത, അഞ്ചിന്ദ്രിയങ്ങളും പ്രശ്നങ്ങളൊന്നുമില്ലാതെ പ്രവൃത്തിക്കുന്ന ആർക്കും പങ്കെടുക്കാൻ സാധിക്കുന്ന വിനോദങ്ങളുണ്ട്. അതില്ലൊന്നാണ് പ്രകൃതിനിരീക്ഷണം.



നിങ്ങളെവിടെയായാലും പ്രകൃതിയുടെ വിസ്മയങ്ങളാൽ ചുറ്റപ്പെട്ടാണിരിക്കുന്നത്. ഇപ്പോൾ ജീവിച്ചിരിപ്പുണ്ടെന്ന് നിങ്ങൾക്ക് വിശ്വസിക്കാൻ പോലും പ്രയാസമാകുന്ന തരത്തില്ലുള്ള പ്രാണികൾ, നിങ്ങൾക്ക് നിരീക്ഷിക്കാൻ ആവശ്യത്തിൽ കൂടുതൽ സമയം നൽകുന്ന ചെടികൾ, മനോഹരമായ നിറങ്ങളോടെ പാടിപ്പറക്കുന്ന പക്ഷികൾ, ഒളിച്ചുകഴിയാനാഗ്രഹിക്കുന്ന ഉരഗങ്ങൾ, ചെറുസസ്തനികൾ എന്നിങ്ങനെ ജീവിക്കുന്ന അത്ഭുതങ്ങളാൽ ചുറ്റപ്പെട്ടാണ് നാം ജീവിക്കുന്നത്. അവയെയെല്ലാം നിരീക്ഷിക്കുമ്പോഴുള്ള സന്തോഷവും ആഹ്ലാദവും, താൻ കണ്ടിട്ടില്ലാത്ത ഒരു ജന്തു ഈ ലോകത്തിൽ ജീവിക്കുന്നുണ്ടെന്ന് കണ്ടുപിടിക്കുമ്പോഴുള്ള അത്ഭുതം, അത് ആവർണനീയമാണ്. എന്നാൽ ജന്തുക്കളെ വെറുതെ കണ്ടുപിടിക്കുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല പ്രകൃതിനിരീക്ഷണം. അവരുടെ രഹസ്യജീവിതത്തിലേക്ക് നോക്കുകകൂടിയാണത്. നിങ്ങൾ കണ്ടെത്തുന്നത് നിങ്ങൾക്കുത്തന്നെ വിശ്വസിക്കാൻ സാധിച്ചെന്നുവരില്ല. നിങ്ങൾ പ്രതീക്ഷിക്കാത്ത സമയത്ത് പ്രതീക്ഷിക്കാത്ത രീതിയിലുള്ള സ്വഭാവങ്ങളായിരിക്കും ഈ ജന്തുക്കൾ കാണിക്കുന്നത്. അതിൽ ചിലത് ശാസ്ത്രത്തിന്ന് പുതിയ അറിവാകാൻ വരെ സാധ്യതയുണ്ട്.

പ്രകൃതിക്ക് അവളുടെ രഹസ്യങ്ങൾ ഒളിപ്പിച്ചുവക്കാൻ വളരെ ഇഷ്ടമാണ്. എന്നാൽ അവളുടെ ഒളിസ്ഥലങ്ങൾ നിങ്ങൾ പ്രതീക്ഷിക്കാത്തിടത്തായിരിക്കുമെന്നുമാത്രം. കാടുകളിലും കടലുകളിലും മാത്രമാണ് പ്രകൃതി രഹസ്യങ്ങളൊളിപ്പിക്കുന്നതെന്ന് വിചാരിച്ചാൽ നിങ്ങൾക്കു തെറ്റി. ഈ രഹസ്യങ്ങൾ എവിടെയുമാകാം. നിങ്ങളുടെ വീട്ടുമുറ്റത്ത്, കിണറ്റിൽ, ചിലപ്പോൾ നിങ്ങളുടെ സ്വന്തം മുറിയിൽവരെ പ്രകൃതിരഹസ്യങ്ങളെ കണ്ടെത്താം. ഇവയെല്ലാം കാണാൻ ഒരു കാര്യം മാത്രം ചെയ്താൽ മതി. കണ്ണും  കാതും തുറന്നുവയ്ക്കുക.

ജെസ്വിൻ കുര്യാക്കോസ്
൭ A

Fida

picture



Liana


DRUGS
END
ALL
DRUGS
ALL
END
DREAMS
STOP
SAY
YES
TO LIFE
SAY
NO TO
DRUGS

Jyothis k s

# മഴ

തുള്ളി തുള്ളി
ആയി മഴപെയ്തു
തൂവണിഞ്ഞു ചെടികളെല്ലാം
ഡും-ഡും,ഡും-ഡും ഇടിവെട്ടി
തീനാളം പോൽ മിന്നൽ വന്നു
വറ്റി കിടന്ന
തോടുകളിൽ
വെള്ളവും മീനും വന്നലോ
കുഞ്ഞു മീനുകളെ പിടിച്ചിടാനായ്
വന്നീടാമോ കൂട്ടരെ
മഴയത്താർത്തു കളിക്കാനായ്
കുട്ടരുമൊത്തു രസിച്ചീടാൻ
പേപ്പർ തോണിയുമായ്
ഞങ്ങൾ പോയീടുന്നു കൂട്ടരെ
കൂട്ടമൊത്തു കളിക്കാനായ്
പന്തുമെടുത്ത് പോവുകയായി
ചെളിയിൽ കളിച്ചുരസിക്കാനായി
വേഗം പോരൂ കൂട്ടരേ
ഇടിയും മിന്നലും പോയല്ലോ
മഴയും കൂടെ പോയല്ലോ
കളിയും ചിരിയും എങ്ങോ പോയി
വേനൽകാലം വന്നല്ലോ
പിന്നെ കാത്തിരിപ്പായി
എന്നോ പെയ്യും
മഴക്കായി

കൂട്ടരുമൊത്തു കളിച്ചതും

രസിച്ചതുമെല്ലാം
മധുരിക്കും
ഓർമ്മകളായ
്.

AKHIL GEO JOSEPH



Ananya F A

# വിദ്യാലയം

വിദ്യാലയം എന്റെ
വിദ്യാലയം.....
സൗഹൃദം പകർന്ന
വിദ്യാലയം......
വിദ്യാപകർന്നു തന്ന വിദ്യാലയം....

നന്മ പകർന്നു തന്ന
കൂട്ടുകാരം..
എന്റെ കൂട്ടുകാരം......
വിദ്യ പകർന്നു തന്ന
അധ്യാപകരും.....
ഒത്തുക്കൂടി നന്മയെ നേർവഴിൽ
നഴിച്ചിട്ടും...
വിദ്യാലയം എന്റെ വിദ്യാലയം...
വിദ്യാലയം എന്റെ
വിദ്യാലയം....

SANTIYA

SANTHOSH



Abin Eldho

ഭൂമി


# Earth the only life

**Earth is the only planet that give us life;**

***Save Earth Save Life***



***Ann Mariya Biju***





Adirsya K S

# കഥകളി

കേരളത്തിന്റെ തനതായ
ദൃശ്യരൂപമാണു കഥകളി .......
രാമനാട്ടമെന്ന
കാലാരൂപം പരിക്ഷ്കരിച്ചാണ് .
കഥകളിയുണ്ടായത് കഥകളിയിലെ
കഥാപാത്രങ്ങൾ ,പ്രധാനമായും
പച്ച ,കത്തി,കരി,താടി,മിടുക്ക് എന്നിവർ
അനെകമുള്ള വേഷങ്ങളയുടെ
അവതരിപ്പടുന്നത് ആട്ടുക്കഥ,ശാമ്പത്ര
തെരുക്കൂത്ത്,കൂടിയാട്ടം കൃഷ്ണനാട്ടം
അഷ്ടപധദിയാട്ടം ദാസിയാട്ടം
തെയ്യം ,തിറയാട്ടം , പടയണി
തുടങ്ങിയ ക്ലാസിക്കൽ-നിതം ,വാദ്യം
എന്നിങ്ങനെ അഞ്ചു
ഘടകങ്ങളുടെ സമ്മേളനമാണു
കഥകളി.......

ALEN GEORGE



MUHAMMED RAMIS S R

# എന്റെ നാട്

ബ്രഹ്മഗിരി മലയുടെ
താഴ്വാരത്തിൽ
പ്രകൃതിരമണീയമായ കാഴ്ചകളാൽ
ചുറ്റപ്പെട്ടു
കിടക്കുന്നതാണ് എന്റെ നാട്.
പച്ചപ്പട്ടുവിരിച്ച നീണ്ടുകിടക്കുന്ന
നെൽപ്പാടങ്ങൾ
കണ്ണുനീരുപോലെ ഒഴുകുന്ന കാട്ടരുവിൾ ,
കുളങ്ങൾ,തോടുകൾ എന്നിവയാൽ
നിറഞ്ഞു നിൽക്കുന്നതാണ് എന്റെ നാടിന്റെ
കാഴ്ചകൾ. അതിലേറെ സുന്ദരമാണ്
റോഡരികിലെ വന്യമൃഗങ്ങളുടെ കാഴ്ച ഇതാണ്
എന്റെ അപ്പപ്പാറ. ഉത്സവങ്ങൾ
വിഷുകാലത്തെ കോൽക്കളിയും നാടിന്റെ
പ്രത്യേകതയാണ്.
മാലിന്യകൂമ്പാരങ്ങളൊന്നും ഇല്ലാത്ത
ശുദ്ധവായു നിറഞ്ഞു നിൽക്കുന്ന എന്റെ
അപ്പപ്പാറ ഒത്തിരി
ഇഷ്ടപ്പെടുന്നു.

MANU



MUHAMMAD SHAFI

# കേരളം

ഇന്ത്യയുടെ മലബാർ തീരത്തുള്ള ഒരു സംസ്ഥാനമാണ് കേരളം. 1956 നവംബർ 1-നാണ്  ഇത് രൂപികരിച്ചത്. 38,863 $km^2$വിസ്തൃതി അനുസരിച്ച് ഇന്ത്യയിലെ 21-ാം വലിയ സംസ്ഥാനമാണ് കേരളം. വടക്കും, വടക്കു-കിഴക്കും കർണാടകയും, കിഴക്കു-തെക്ക് തമിഴ്നാടും, പടിഞ്ഞാറ് ലക്ഷദീപ് കടലുമാണ് അതൃത്തി. 33  ദശലക്ഷമുള്ള കേരളം ജനസംഖ്യയിൽ 13 ാം വലിയ ഇന്ത്യൻ സംസ്ഥാനമാണ്. 14 ജില്ലകളായി കേരളത്തെ തിരിച്ചിരിക്കുന്നു തിരുവനന്തപുരമാണ് തലസ്ഥാനം. മലയാളമാണ് കൂടുതൽ  സംസാരിക്കുന്ന ഭാഷ. ഔദ്യോഗിക ഭാഷ കൂടിയാണിത്



ALAN CHRISTY



SWANTHWANA


# ചെറുശ്ശേരി

ക്രി.വ. പതിനഞ്ചാം
നൂറ്റാണ്ടിൽ
ഉത്തരകേരളത്തിൽ
ജീവച്ചിരുന്ന മഹാകവി.
കോലത്തുനാടു ഭരിച്ചിരുന്ന
ഉദയവർമ്മ രാജാവിന്റെ
പണ്ഡിതസദസ്സിലെ
അംഗമായിരുന്നു.ഭാഗവതം
ദശമസ്കന്ധത്തെ ആധാരമാക്കി
രചിച്ച കൃഷ്ണഗാഥയാണ് അദ്ദേഹത്തെ
അനശ്വരനാക്കിയ
കൃതി.....

DERIC



SAN MARIA





ആമക്കഥ

ഏറെ നിറങ്ങളിൽ മാറുന്നൊരാ പ്രാണിക്കും,
ഉള്ളിലൊരുൽക്കർഷമുണ്ടാകുമേതു ജീവിക്കും,
വർഷം ചൊരിയുന്നതും നിലാവസ്തമിക്കുന്നതും
ഓർമ്മ കൊണ്ടുപോകുമാ നാളിലൊറ്റയ്ക്ക് കൊയ്ത
കൈത സുഗന്ധം തന്നേക്കും.
പിന്നിലേതോ പാൽക്കടൽ മൂടി കരിങ്കടൽ
തിരയടിക്കും പ്രഭയൊടുങ്ങും വഴിയിൽ ഒറ്റയ്ക്ക
നില്ക്കും.
തോൽക്കുവാനൊരു ആളുണ്ടായതിനാൽ ആമ
ജയിച്ചുവെന്നല്ല,
ആമ ആമയെ ജയിച്ചെന്ന, പുറന്തോട് ഭേദിച്ച
ധ്യാനത്തിലാവാമിനിക്കഥ.

stella mathew HST
(s k pottakkadu
puraskaram)

# ജീവിതം


ജീവിതത്തിൽ അനുഭവങ്ങൾ
പാഠങ്ങളാണ് നന്മ
തിന്മകൾ,ശരി
തെറ്റുകൾ
വിവേചിച്ചറിയാനുള്ള
അവസരവുമാണ്.
Anjana Biju
Class 9A



..... എൻ്റെ മലയാളം..

ആരോടുമൊന്നുമേചൊല്ലുവാനില്ലാതെ
നെഞ്ചകം വിങ്ങി കരയുന്ന നേരം
അമ്മയെപ്പോലെന്നെ തഴുകി
ത്തലോടുന്നു മലയാളം.

നോവുന്ന ചിന്തകളോരോന്നായ്
അക്ഷരരൂപമെടുക്കുന്ന നേരം
അകലുന്നു വേദന , മാനസം
മെല്ലെ തെളിഞ്ഞിടുന്നു.

മനതാരിലമൃതായ് പൊഴിയുന്നു
നിന്നുടെ വാണികളിമ്പമോടെ .
നിന്നെ സ്മരിക്കുവാനെന്തിനൊരു
ദിനം ?
എന്നിലെയുൺമയും വെൺമയും
നീയല്ലേ ?

അമ്മതൻ വാത്സല്യ ദുഗ്ധം നുകരും
പോൽ
നിന്നിലെമധുരം നുകർന്നു വളർന്നതല്ലേ ഞാനും.മലയാളമേ , എൻ്റെ
മാനസമറിയുംപ്രിയ തോഴി നീ .

നീ തന്നെ ഞാനും ഞാൻ തന്നെ നീയും!
നമ്മളെന്നുള്ളതേ തഥ്യയെന്നും .
ഉള്ളിൽ നിറയുന്ന അക്ഷരജ്യോ
തിസ്സേ ;
വഴിനടക്കട്ടെ ഞാൻ നിൻ പ്രഭയിൽ നിത്യം

Gracy K V HST
(kunjunni maash smaraka puraskaram)

THANK YOU